പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100 — 07.06.2018-ൽ മറുപടിക്ക്

**ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, കെ.കുഞ്ഞിരാമൻ<br>,, എ.എം. ആരിഫ്<br>,, ബി.സത്യൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ളൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപാസ്സുകളുടേയും, നീലേശ്വരം ആർ.ഒ.ബിയുടേയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്.<br>588.7 കി.മീ ദേശീയപാതയുടെ പണിപുരോഗമിച്ചുകൊണ്ടിരിക്കുന്ന ദേശീയ പാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha ന് 3A നോട്ടിഫിക്കേഷനും 274 Ha ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. |

883.98 കോടി എസ്റ്റിമേറ്റുള്ള 18.600 കി.മീ തലശ്ശേരി മാഹി ബൈപ്പാസിന്റെ നിർമ്മാണവും, 1710 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 28.400 കി.മീ കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണവും 50.49 കോടി രൂപ എസ്റ്റിമേറ്റുള്ള 0.780 കി.മീ നീലേശ്വരം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവും 2017-18-ൽ ആരംഭിച്ചു.

1673.25 കോടി എസ്റ്റിമേറ്റുള്ള 39 കി.മീ തലപ്പാടി- ചെങ്ങള പാതയും 1745.44 കോടി എസ്റ്റിമേറ്റുള്ള 37.268 കി.മീ ചെങ്ങള- നീലേശ്വരം ടൗൺ റെയിൽവേ ഗേറ്റ് പാതയും 356 കോടി രൂപ എസ്റ്റിമേറ്റുള്ള 2.720 കി.മീ കഴക്കൂട്ടം ഫ്ളൈ ഓവറും 878.14 കോടി രൂപ എസ്റ്റിമേറ്റുള്ള 37.900 കി.മീ തുറവൂർ- പറവൂർ പാതയും, 891.53 കോടി രൂപ എസ്റ്റിമേറ്റുള്ള 37.500 കി.മീ പറവൂർ- കൊറ്റൻകുളങ്ങര പാതയും ഉൾപ്പെടെ ആകെ 5544.36 കോടി രൂപയുടെ പ്രവൃത്തികൾ 2018-19-ൽ അവാർഡിനായി സമർപ്പിച്ചിരിക്കുന്നു.

1440.11 കോടി രൂപ എസ്റ്റിമേറ്റുള്ള 41.450 കി.മീ നീലേശ്വരം ടൗൺ- തളിപ്പറമ്പ (പഴയ ദേശീയപാത) പാതയും 1354.90 കോടി രൂപ എസ്റ്റിമേറ്റുള്ള 32.700 കി.മീ തളിപ്പറമ്പ്- മുഴപ്പിലങ്ങാട് (പഴയ ദേശീയപാത) പാതയും, 1204 കോടി രൂപ എസ്റ്റിമേറ്റുള്ള 42.400 കി.മീ അഴിയൂർ- വെങ്ങളം (പഴയ ദേശീയപാത-17) പാതയും, 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 59.200 കി.മീ രാമനാട്ടുകര- കുറ്റിപ്പുറം പാതയും, 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 157.600 കി.മീ കുറ്റിപ്പുറം- ഇടപ്പള്ളി- തിറവൂർ (പഴയ ദേശീയപാത) പാതയും, 54 കി.മീ കൊച്ചിൻ ബൈപ്പാസ് അങ്കമാലി - കുണ്ടന്നൂർ വെല്ലിങ്ങ്ടൺ ഐലന്റ് പാതയും, 889.28 കോടി രൂപ എസ്റ്റിമേറ്റുള്ള 29.520 കി.മീ കടമ്പാട്ടുകോണം- കഴക്കൂട്ടം ജംഗ്ഷൻ പാതയും, 798.23 കോടി രൂപ എസ്റ്റിമേറ്റുള്ള 31.500 കി.മീ കൊറ്റൻകുളങ്ങര- കൊല്ലം ബൈപ്പാസ് പാതയും, 900.51 കോടി രൂപ

എസ്റ്റിമേറ്റുള്ള 31.800 കി.മീ കൊല്ലം ബൈപ്പാസ്- കടമ്പാട്ടുകോണം പാതയും ഉൾപ്പെടെ ആകെ 19,922.67 കോടി രൂപയുള്ള 480.170 കി.മീ പാതയുടെ പദ്ധതിരേഖ തയ്യാറാക്കി വരുകയാണ്.

എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 6.8 കി.മീ ദൈർഘ്യമുള്ള 348.43 കോടി രൂപയുടെ പ്രൊജക്ട് ആയ ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം 82% പൂർത്തിയാക്കിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 13 കി.മീ ദൈർഘ്യമുള്ള 325.05 കോടി രൂപയുടെ പ്രൊജക്ട് ആയ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ദേശീയപാത വികസനത്തിന് എത്ര സ്ഥലം ആവശ്യമായി വരും; ഇതിൽ എത്ര സ്ഥലം ഏറ്റെടുക്കാൻ സാധ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) ദേശീയ പാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha ന് 3A നോട്ടിഫിക്കേഷനും 274 Ha ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) നിക്ഷിപ്ത താല്പര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ സ്ഥലം ഏറ്റെടുപ്പിനെ തടസ്സപ്പെടുത്തിയിട്ടുണ്ടോ;<br>(ഡി) വിവിധ സ്ഥലങ്ങളിൽ അലൈൻമെന്റ് മാറ്റണമെന്ന ആവശ്യത്തിൽ ദേശീയ പാത അതോറിറ്റി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; | (സി) &. (ഡി) നിക്ഷിപ്ത താൽപര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ കാരണം സ്ഥലം ഏറ്റെടുക്കൽ തടസ്സപ്പെട്ടിട്ടില്ല . കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരവും ബാധകമായ ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ അനുസരിച്ചും സുരക്ഷിതമായ ഗതാഗതത്തിന് നിശ്ചയിച്ചിട്ടുള്ള ഘടകങ്ങൾ പാലിച്ച് ഫൈനൽ അലൈൻമെന്റ് തീരുമാനിക്കേണ്ടത് നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ഇതുവരെ അലൈൻമെന്റിൽ വ്യത്യാസം ഒന്നും വരുത്തിയിട്ടില്ല. |

| | |
|---|---|
| (ഇ) ഏറ്റെടുക്കുന്ന സ്ഥലത്തിന് വില കൂടുതലാണ് എന്ന പരാതി ദേശീയപാത അതോറിറ്റി ഉന്നയിച്ചിരുന്നോ; പ്രശ്നം പരിഹരിക്കാൻ നടത്തിയ ഇടപെടൽ അറിയിക്കാമോ? | (ഇ) ഏറ്റെടുക്കുന്ന സ്ഥലത്തിന് വില കൂടുതലാണ് എന്ന അഭിപ്രായം ദേശീയപാത അതോറിറ്റി അറിയിച്ചിരുന്നു. 28.04.2018-ന് ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ മൾട്ടി മോഡൽ ലോജസ്റ്റിക് പാർക്കിനു വേണ്ടി 35 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ/ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം ആണ് എടുക്കേണ്ടത്. |

S. Bindu

സെക്ഷൻ ഓഫീസർ